# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2335 19.06.2013- ൽ മറുപടിയ്ക്ക്

## സാധാരണ ജനങ്ങൾക്ക് സൗജന്യ ചികിത്സ

| ചോദ്യം | | മറുപടി |
|---|---|---|
| ഡോ. കെ. ടി. ജലീൽ: | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗത്തിലും വാർഡുകളിലും കിടക്കുന്ന രോഗികൾക്ക് നൽകുന്ന സേവനങ്ങൾക്ക് വൻതുക ഈടാക്കുന്നത് ആരോഗ്യമേഖലയെ സ്വകാര്യവൽ - ക്കരിക്കുന്നതിന്റെ ഭാഗമായാണോ ; | (എ) | ആരോഗ്യമേഖലയെ സ്വകാര്യവൽക്കരി-ക്കുന്നതിനുള്ള നടപടികളൊന്നും തന്നെ സർക്കാർ സ്വീകരിച്ചിട്ടില്ല. |
| (ബി) ബി. പി. കുറഞ്ഞ രോഗികൾക്ക് തികച്ചും സൗജന്യമായി നൽകിവന്ന ഐ.എ.ബി.പി. ടെസ്റ്റിന് 3,000 രൂപ ഈടാക്കുന്നത് എന്തുകൊണ്ടാണ് ;<br><br>(സി) കാർഡിയോളജി ഐ.സി.യു. വിൽ കിടക്കുന്ന രോഗികൾക്ക് 250 രൂപയും, എക്കോടെസ്റ്റിന് 300 രൂപയും നൽകണമെന്ന് ഉത്തരവാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇങ്ങനെ തുക വാങ്ങുന്നത് ആരുടെ തീരുമാന പ്രകാരമാണ് ; | (ബി)<br>&<br>(സി) | സർക്കാർ മെഡിക്കൽ കോളേജുകളിലെ പലപരിശോധനകളും നടത്തുന്ന, കാത്ത് ലാബ് തുടങ്ങിയ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നത് കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റി ആണ്. അതിനാൽ ഇത്തരം പരിശോധനകൾക്കും ചികിത്സയ്ക്കും ഫീസ് ഈടാക്കി വരുന്നു. ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കും അത് കൈകാര്യം ചെയ്യാൻ സ്വന്തം നിലയിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ വേതനം നൽകുന്നതിനുമാണ് കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റി ഈ തുക വിനിയോഗിക്കുന്നത് |
| (ഡി) പ്രസ്തുത നടപടി അവസാനിപ്പിക്കുന്ന-തിനും സാധാരണ ജനങ്ങൾക്ക് സൗജന്യമായി നൽകിവന്നിരുന്ന ചികിത്സ തുടരുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | സാധുജനങ്ങൾക്ക് സൗജന്യമായി നൽകി വന്നിരുന്ന ചികിത്സ ഇപ്പോഴും തുടരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ